വേലപ്പൻനായർ (പ്രസി.).

## സെമിനാർ 22ന്

**കാട്ടാക്കട**

കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർഥികളെ പങ്കെടുപ്പിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സെമിനാർ സംഘടിപ്പിക്കും. കാട്ടാക്കട പങ്കജകസ്തൂരി ആയുർവേദ കോളേജ് ഓഡിറ്റോറിയത്തിൽ 22ന് രാവിലെ 9.30ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനംചെയ്യും. ഐ ബി സതീഷ് എംഎൽഎ അധ്യക്ഷനാകും.

കേരള നിയമസഭാ സെക്രട്ടറി എസ് വി ഉണ്ണിക്കൃഷ്ണൻ നായർ, കേരള ഓപ്പൺ യൂണിവേഴ്സിറ്റി സ്പെഷ്യൽ ഓഫീസർ ഡോ. ജെ പ്രഭാഷ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി കാർത്തികേയൻനായർ എന്നിവർ ക്ലാസെടുക്കും. വൈകിട്ട് നാലുവരെ നടക്കുന്ന സെമിനാറിൽ കാട്ടാക്കട നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുത്ത വിദ്യാർഥി പ്രതിനിധികളാണ് പങ്കെടുക്കുന്നത്.